**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1620** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>ഭക്ഷണശാലകളിലെ വില വിവരപ്പട്ടിക</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ഒ. എസ്. അംബിക ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** തട്ടുകടകളിലും ചെറുകിട ഭക്ഷണശാലകളിലും വില വിവരപ്പട്ടിക പ്രദർശിപ്പിക്കാതെ പല ഉപഭോക്താക്കളിൽ നിന്നും പലതരം നിരക്കുകൾ ഈടാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നതിന് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഭക്ഷ്യപൊതുവിതരണ വകുപ്പിലെ ജില്ല/ താലൂക്ക് തല ഉദ്യോഗസ്ഥർ നടത്തുന്ന പൊതുവിപണി പരിശോധനയിൽ തട്ടുകടകളിലും, ചെറുകിട ഭക്ഷണ ശാലകൾ ഉൾപ്പെടെയുള്ള ഹോട്ടലുകളിലും വിലവിവരപ്പട്ടിക പ്രദർശിപ്പിച്ചിട്ടുണ്ടോ, വിലവിവര പട്ടികയിൽ പ്രദർശിപ്പിച്ചിരിക്കുന്നതിനേക്കാൾ കൂടുതൽ വില ഈടാക്കുന്നുണ്ടോ തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കുകയും ക്രമക്കേടുകൾ കണ്ടെത്തുകയാണെങ്കിൽ ജില്ലാകളക്ടർ മുഖാന്തരം നോട്ടീസ് നൽകി നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു.

ഉത്സവ സീസണുകളിൽ വിവിധ വകുപ്പുകളുടെ സംയുക്ത പരിശോധനയിൽ ജില്ലാ സപ്ലൈ ആഫീസർ/താലൂക്ക് സപ്ലൈ ഓഫീസർ/ സിറ്റി റേഷനിങ് ഓഫീസർമാരുടെ നേതൃത്വത്തിൽ, ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷാ വകുപ്പ് എന്നീ വകുപ്പുകൾ ചേർന്ന് പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പൊതുവിപണി പരിശോധന നടത്തുന്നുണ്ട്. അപ്രകാരം നടത്തിയ പരിശോധനയിൽ വിലവിവരപട്ടിക പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരെ നോട്ടീസ് നൽകി നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഹോട്ടലുകളെക്കുറിച്ച് പരാതികൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർക്കും നിർദ്ദേശം നൽകി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**